**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **07-10-2024 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കേപ് കോളേജ് ഓഫ് നഴ്സിംഗിന്റെ പേരന്റ് ഹോസ്പിറ്റലിനെ നിശ്ചയിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന കോളേജ് ഓഫ് നഴ്സിംഗിന്റെ പേരന്റ് ഹോസ്പിറ്റലായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയെ നിശ്ചയിക്കുന്നതിന് ഫയൽ നമ്പർ ഹെൽത്ത്-സി3/303/2024-ഹെൽത്ത് കമ്പ്യൂട്ടർ നമ്പർ 2816180 എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | Co-operative Academy of Professional Education (CAPE)- ന് കീഴിൽ വടക്കാഞ്ചേരിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നേഴ്സിംഗ് കോളേജിന്റെ പേരന്റ് ഹോസ്പിറ്റലായി വടക്കാഞ്ചേരി ജില്ലാ ആശുപത്രി അനുവദിക്കണമെന്ന CAPE ഡയറക്ടറുടെ അപേക്ഷ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വടക്കാഞ്ചേരിയിൽ കേപ് കോളേജ് ഓഫ് നഴ്സിംഗിന്റെ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിക്കുന്നതിനോടൊപ്പം തന്നെ നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിനും ആയതിന്റെ പേരന്റ് ഹോസ്പിറ്റലായി വടക്കാഞ്ചേരി ജില്ലാ ആശുപത്രിയെ നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കാമോ? | (ബി) | മാതൃ ആശുപത്രിയിൽ മതിയായ ക്ലിനിക്കൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടെന്നും നിർദ്ദിഷ്ട കോളേജ് കെട്ടിടത്തിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ നിഷ്കർഷിക്കുന്ന മാനദണ്ഡപ്രകാരം ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്നും ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധന നടത്തിയതിന് ശേഷം മാത്രമേ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം നല്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ